കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട് – 2015-16


## ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail:*lfaddistofficeknr@gmail.com*


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി-5/2132/16

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇമെയിൽ-*lfaddistofficeknr@gmail.com*
Phone: 04972-707698

തീയതി: 07-02-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം

21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്.

സീയാർ/-

നം.കെ.എസ്.എ/കെ.എൻ.ആർ/സി-5/2132/16 തീയ്യതി :07-02-2017.

# കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 18-11-2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത വുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19-11-2016 മുതൽ 30-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശശികുമാർ എം.പി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ഷിജില വി.ഡി. | സീനി.ഗ്രേഡ് ഓഡിറ്റർ |
| | | വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി സി.റീന | 01-04-2015മുതൽ 02-11-2015വരെ |
| ഭരണ നിർവ്വഹണ | | ശ്രീ ഗോപി എം.ടി, സെക്രട്ടറി | 03-11-2015മുതൽ 18-11-2015വരെ |

| | | | |
|---|---|---|---|
| സമിതി | | ശ്രീമതി രമ കെ.ടി, കൃഷി ഓഫീസർ<br>ശ്രീമതി സുധ എം .,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | |
| പ്രസിഡന്റ് | | ശ്രീ കെ.നാരായണൻ | 19-11-2015 മുതൽ31-03-2016വരെ |
| സെക്രട്ടറി | : | ശ്രീ ഗോപി എം.ടി. | 01-04-2015 മുതൽ31-03-2016വരെ |

നിർവ്വഹണോദ്യോഗസ്ഥർ :

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ ഗോപി എം.ടി. | 01-04-2015 മുതൽ 31-03-2016വരെ |
| അസി.സെക്രട്ടറി | വിനോദ്കുമാർ കെ | 01-04-2015 മുതൽ 20-08-2015വരെ |
| | മനോജ്കുമാർ എ.കെ. | 21-08-2015 മുതൽ 11-01-2016വരെ |
| | രാമകൃഷ്ണൻ കെ. | 12-01-2016 മുതൽ 31-03-2016വരെ |
| അസി.എഞ്ചിനിയർ | ജാക്സൺ ജോസഫ് | 01-04-2015 മുതൽ 31-03-2016വരെ |
| കൃഷി ഓഫീസർ | രമ കെ.ടി. | 01-04-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ | രജിത കെ.സി. | 01-04-2015 മുതൽ 07-10-2015വരെ |
| | സന്തോഷ് കുമാർ ഇ.പി | 08-10-2015 മുതൽ 29-03-2016വരെ |
| | ബബേഷ് കുമാർ വി.കെ. | 30-03-2016 മുതൽ 31-03-2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്യാമള സി.വി.<br>സുധ എം. | 01-04-2015 മുതൽ 17-09-2015വരെ<br>18-09-2015 മുതൽ 31-03-2016വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.ഷാഹിനാഭായി | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ജി.എ.ഡി. | ഡോ.പി.വി.പ്രീത | 01-04-2015 മുതൽ 06-07-2015വരെ |
| | ഡോ.റീജ പി.വി. | 07-07-2015 മുതൽ 31-03-2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡി.പി. പ്രസാദ് | 01-04-2015 മുതൽ 07-09-2015വരെ |
| | ഡോ. കെ. രാജേഷ്ബാബു | 08-09-2015 മുതൽ 17-03-2016വരെ |
| | ഡോ.കെ.രമേഷ് | 18-03-2016 മുതൽ 31-03-2016വരെ |
| ഹെഡ് മാസ്റ്റർ | ഗിരിജ എം.പി. | 01-04-2015 മുതൽ 31-03-2016വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1- പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | ഗ്രാമ സഭ | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2- വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വസ്തു നികുതി - ബാക്ക് അസസ്സ്മെന്റ് നടത്തിയില്ല- 50,381 രൂപ വരവ് നഷ്ടം | 2-1 |
| 14 | മത്സ്യമാർക്കറ്റ് ലേലം- കരാർ ചമയ്ക്കുന്നില്ല. | 2-2 |
| 15 | ഡി & ഒ ലൈസൻസ് അപാകങ്ങൾ. | 2-3 |
| 16 | അനധികൃത കെട്ടിടങ്ങൾ - ഫീൽഡ് സ്റ്റാഫ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നില്ല. | 2-4 |
| 17 | ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. | 2-5 |

| | | |
|---|---|---|
| 18 | വസ്തുനികുതി ക്രമവത്ക്കരണം-രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-6 |
| 19 | പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നില്ല. | 2-7 |
| 20 | ദുരിതാശ്വാസ നിധി -ഓഡിറ്റ് കാലയളവിൽ ചെലവ് നടത്തിയിട്ടില്ല. | 2-8 |
| 21 | ഇ-ടെണ്ടർ : ടെണ്ടർ ഫോറം വില വരവ് വരാത്തത് | 2-9 |
| | ഭാഗം 3- ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | വിനിയോഗ സാക്ഷ്യ പത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല - 498860 /-രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 22 | ഭവന നിർമ്മാണം പൂർത്തിയാകാത്തത് സംബന്ധിച്ച് | 3-2 |
| 23 | ഐ.എ.വൈ. ഭവന നിർമ്മാണം (പട്ടികജാതി) പദ്ധതി-അപാകങ്ങൾ 40,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-3 |
| 24 | വെള്ളക്കരം ഒടുക്ക്- സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 3-4 |
| 25 | ഐ.എ.വൈ. ഭവന നിർമ്മാണം (ജനറൽ) പദ്ധതി- അപാകങ്ങൾ 1,60,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 26 | കേന്ദ്രസഹായം- ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്. | 3-6 |
| 27 | ഇ എം എസ് ഭവന പദ്ധതി പൂർത്തിയാകാത്തത് സംബന്ധിച്ച് | 3-7 |
| 28 | ആശ്രയ പദ്ധതി അവലോകനം | 3-8 |

| | | |
|---|---|---|
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-9 |
| | ഭാഗം 4- പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 30 | സംയുക്ത പ്രോജക്ടിന് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 14-12-15 തീയ്യതിയിലെ 107/15(1) തീരുമാനപ്രകാരം

അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | കുറവ് | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 17703564.82 | 31359769.27 | | |
| വരവ് | 85083404 | 42530934 | 42552470 | (-)50.01 |
| ആകെ | 102786968.82 | 73890703.27 | 28896265.55 | (-)28.11 |
| ചെലവ് | 85678181 | 52408734 | 33269447 | (-)38.83 |
| നീക്കിയിരിപ്പ് | 17108787.87 | 21481969.27 | | |

റസീറ്റ് & പേയ്മെന്റ് പത്രികയിൽ ഇ.എഫ്.എം.എസ്, ഡി.ബി.ടി.(ബി ഫണ്ട്) തുകകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 05-07-16 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2015-16 | 23-11-2016 | വിശേഷണങ്ങളോട് കൂടിയത് |

ന്യൂനതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

3.ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് ഇനത്തിലെ തുകയുടെ വിശദാംശങ്ങൾ പരിശോധി ക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 3,13,59,769.27 |
| വരവ് | 4,25,30,934.00 |
| ആകെ | 7,38,90,703.27 |
| ചെലവ് | 5,24,08,734.00 |
| നീക്കിയിരിപ്പ് | 2,14,81,969.27 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 35,53,996 | 75,03,147 (7088982 ട്രാൻസ്ഫർ ക്രെഡിറ്റ് മുഖേനയുള്ള വരവ്) | 1,10,57,143 | 1,10,57,143 | - | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 19,55,773 | 36,95,076 | 56,50,849 | 48,50,276 | 8,00,573 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 17,000 | 17,000 | 17,000 | - | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 4,75,952 | 26,08,138 | 30,84,090 | 30,84,090 | - | - | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 17,84,162 | 15,33,844 | 33,18,006 | 33,18,006 | - | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17,33,373 | 48,63,337 | 65,96,710 | 45,56,848 | 20,39,862 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | 42,48,547 | 40,56,745 | 83,05,292 | 40,56,745 | 42,48,547 | - | 100 |
| എം. എൻ. ആർ. ഇ. ജി. എസ്. | - | 46,70,243 | 46,70,243 | 46,70,081 | . | 162 | 99.9 |
| ബി ഫണ്ട് | - | 309,87,558 | 309,87,558 | 309,87,558 | - | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 5,91,97,586 | 105 | 3,54,63,180 | 32 | 18 | 68.6 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാന ത്തിൽ താഴെപറയും പ്രകാരം 3.91 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/ (-) |
|---|---|---|---|---|
| നികുതി വരവുകൾ | 6450729 | 7170289 | 719560 | (+) 11.15 |
| നികുതിയേതര വരവുകൾ | 630906 | 532674 | (-)98232 | (-) 15.57 |
| മറ്റുള്ളവ | 2021118 | 1755992 | (-)265126 | (-)13.18 |
| ആകെ | 9102753 | 9458955 | 356202 | 3.91 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,00,800 | 59 |
| കർഷക തൊഴിലാളി പെൻഷൻ | 27,60,960 | 356 |
| വിധവാ പെൻഷൻ | 97,07,880 | 1032 |
| വാർദ്ധക്യകാല പെൻഷൻ | 141,79,860 | 2238 |
| വികലാംഗ പെൻഷൻ | 28,04,625 | 289 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,97,480 | 125 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 2,90,000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,205 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്നത് 4/15, 7/15, 9/15, 10/15, 11/15, 12/15, 03/16 എന്നീ മാസങ്ങളിൽ മാത്രമാണ്. യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ്/ പ്രവർത്തനം, ജീവനക്കാരുടെ പ്രവർത്തന പുരോഗതി എന്നിവ അവലോകനം ചെയ്യുന്നുണ്ട്. ഓഫീസ് ഓർഡർ മുഖാന്തിരം ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതും ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-11 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ 2 പ്രാവശ്യം മാത്രമാണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. പഴയ ഭരണ സമിതിയുടെ

കാലയളവിൽ 6/15ലും പുതിയ ഭരണ സമിതി വന്നതിനുശേഷം 2/16ലുമാണ് ഗ്രാമ സഭ ചേർന്നത്. കേരളാ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ഗ്രാമസഭ യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-10-2016 | ഒക്ടോബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-08-2011 മുതൽ 19-08-2011 വരെ | 2009-10 | 06-07-2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി - ബാക്ക് അസസ്സ്മെന്റ് നടത്തിയില്ല- 50,381 രൂപ വരവ് നഷ്ടം

2011 -ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിൻ മേലുള്ള സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം [1996 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിൻമേലുള്ള സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 18 കൂടി കാണുക] ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ഏതെങ്കിലും കെട്ടിടം പണിയുകയോ, പുതുക്കി പണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ, കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത്, ആ തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം, കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും ചട്ടം11 പ്രകാരമുള്ള വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വാർഷിക വസ്തു നികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനാണ്. കൂടാതെ ഒന്നാം ഉപചട്ട പ്രകാരമുള്ള നോട്ടീസ് നല്കുന്നതിന് വിഴ്ചവരുത്തുന്ന ആളുടെമേൽ സെക്രട്ടറിക്ക് 500-രൂപയിൽ കവിയാത്ത തുക പിഴയായും ചുമത്താവുന്നതാണ്.

എന്നാൽ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന നികുതിദായകരിൽ നിന്നും മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് വസ്തു നികുതി ഈടാക്കിയതായി കാണുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നികുതിദായകരുടെ പേര്, ഡിമാന്റ് നം | കംപ്ലീഷൻ സർട്ടി ഫിക്കറ്റ് പ്രകാരം പണി | ഈടാക്കിയ നികുതി, വർഷം | ഈടാക്കേണ്ടിയിരുന്ന വർഷം(പണി പൂർത്തിയായ തിയതി കണക്കിലെടുത്താൽ) | കുറവ് വന്ന നികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | പൂർത്തിയാക്കിയ തീയ്യതി | | | |
| 1 | പുതിയ മാടത്തുമ്മൽ കുഞ്ഞാമിന<br>12406 | 19-06-14 | 530,<br>2015-16 | 2014-15 | 530 |
| 2 | വട്ടക്കണ്ടി പുതിയ പുരയിൽ സർഫുന്നിസ<br>12411 | 22-12-14 | 420,<br>2015-16 | 2014-15 രണ്ടാം അർദ്ധവർഷം | 210 |
| 3 | കുഞ്ഞാരൻ രത്നാകരൻ<br>12428 | 26-12-14 | 349,<br>2015-16 | 2014-15 രണ്ടാം അർദ്ധവർഷം | 175 |
| 4 | കണിയറക്കൽ സൂപ്പി ക്കാന്റവിട സൗജത്ത്<br>12440 | 25-05-14 | 522,<br>2015-16 | 2014-15 | 522 |
| 5 | മയിലാഞ്ചിക്കൽ കള ത്തിൽ അബ്ദുറഹിമാൻ<br>12441 | 13-12-13 | 2250,<br>2015-16 | 2013-14 രണ്ടാം അർദ്ധവർഷം,<br>2014-15 | 1125+2250<br>=3375 |
| 6 | -ടി-<br>12442 | -ടി- | 2281,<br>2015-16 | -ടി- | 1141+2281<br>=3422 |
| 7 | -ടി- | -ടി- | 2250, | -ടി- | 1125+2250 |

| | | | | | |
|---|---|---|---|---|---|
| | 12443 | | 2015-16 | | =3375 |
| 8 | -ടി-<br>12444 | -ടി- | 2128,<br>2015-16 | -ടി- | 1064+2128<br>=3192 |
| 9 | -ടി-<br>12445 | -ടി- | 2018,<br>2015-16 | -ടി- | 1009+2018<br>=3027 |
| 10 | -ടി-<br>12446 | -ടി- | 2093,<br>2015-16 | -ടി- | 1047+2093<br>=3140 |
| 11 | -ടി-<br>12447 | -ടി- | 1661,<br>2015-16 | -ടി- | 831+1661<br>=2492 |
| 12 | -ടി-<br>12448 | -ടി- | 1645,<br>2015-16 | -ടി- | 823+1645<br>=2468 |
| 13 | -ടി-<br>12449 | -ടി- | 1949,<br>2015-16 | -ടി- | 975+1949<br>=2924 |
| 14 | -ടി-<br>12450 | -ടി- | 1978,<br>2015-16 | -ടി- | 989+1978<br>=2967 |
| 15 | -ടി-<br>12451 | -ടി- | 1949,<br>2015-16 | -ടി- | 975+1949<br>=2924 |
| 16 | -ടി-<br>12452 | -ടി- | 1834,<br>2015-16 | -ടി- | 917+1834<br>=2751 |
| 17 | -ടി-<br>12453 | -ടി- | 1510,<br>2015-16 | -ടി- | 755+1510<br>=2265 |

| | | | | | |
|---|---|---|---|---|---|
| 18 | -ടി-<br>12454 | -ടി- | 1729,<br>2015-16 | -ടി- | 865+1729<br>=2594 |
| 19 | -ടി-<br>12455 | -ടി- | 1800,<br>2015-16 | -ടി- | 900+1800<br>=2700 |
| 20 | -ടി-<br>12456 | -ടി- | 1390,<br>2015-16 | -ടി- | 695+1390<br>=2085 |
| 21 | -ടി-<br>12457 | -ടി- | 1375,<br>2015-16 | -ടി- | 688+1375<br>=2063 |
| 22 | കുഞ്ഞിപ്പുരയിൽ തമ്പാൻ<br>12478 | 22-10-2014 | 255,<br>2015-16 | 2014-15 രണ്ടാം അർദ്ധവർഷം | 128 |
| 23 | ചേണിച്ചേരി എലവന്തി ക്കൽ പൊന്നാരത്തെ വീട്ടിൽ ശിവശങ്കരൻ<br>12509 | 12/05/14 | 525,<br>2015-16 | 2014-15 രണ്ടാം അർദ്ധവർഷം | 263 |
| 24 | കുവരവിട ആയിഷ<br>12561 | 08/06/14 | 893,<br>2015-16 | 2014-15 രണ്ടാം അർദ്ധവർഷം | 447 |
| 25 | -ടി-<br>12569 | -ടി- | 684,2015-16 | -ടി- | 342 |
| | ആകെ | | | | 50381 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് പ്രകാരം കുറിയകത്ത് പുതിയ പുരയിൽ ഹസനത്ത്, കൊയ്യോൻ വസന്തൻ, പ്രസിഡന്റ്/ സെക്രട്ടറി- കേരള വിശ്വകർമ്മ

സംഘം എന്നിവർ തുക ഒടുക്കിയിട്ടുണ്ടെന്നും മറ്റ് കെട്ടിട ഉടമസ്ഥരോട് മുൻവർഷ വസ്തുനികുതി അടക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടം വന്ന 50,381 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 മത്സ്യമാർക്കറ്റ് ലേലം- കരാർ ചമയ്ക്കുന്നില്ല.

പഞ്ചായത്ത് തീരുമാനം നം. 38/2015 , തീയ്യതി 30-03-2015 പ്രകാരം ഗ്രാമ പഞ്ചായത്ത് വക മത്സ്യമാർക്കറ്റിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം 19-03-2015 ന് ലേലം ചെയ്യുകയും ആയത് ശ്രീ ബങ്കന്റകത്ത് ഹാഷിം എന്ന വ്യക്തി 13,100 രൂപയ്ക്ക് ലേലം കൊള്ളുകയും ചെയ്തിട്ടുണ്ട്.

ലേല നിബന്ധനകളിലെ ക്രമനമ്പർ 4 ൽ ലേലം അംഗീകരിച്ച വിവരം ലഭിച്ചാൽ 7 ദിവസത്തിനകം ലേല തുകയുടെ 5% നിരക്കിൽ മുദ്രക്കടലാസിൽ എഗ്രിമെന്റ് എഴുതി ലേലക്കാരന്റെ സ്വന്തം ചെലവിൽ രജിസ്റ്റർ ചെയ്ത് എഗ്രിമെന്റ് ഹാജരാക്കി ലേല തുകയുടെ ബാക്കി ഭാഗം പഞ്ചായത്തിലടച്ച് രശീത് വാങ്ങിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ലേലം നടത്തിയതല്ലാതെ ഇത്തരം തുടർനടപടികളൊന്നും ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ എൻക്വയറി നൽകിയതിന് (ഓഡിറ്റ് അന്വേഷണം നം.22 തീയ്യതി : 29-11-2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം കൊണ്ടയാളുമായി കരാർ ചമയ്ക്കുന്നതിനും ലേല നിബന്ധനകൾ പാലിക്കുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അപാകങ്ങൾ.

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വാപാരികളുടെയും വ്യവസായികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളടങ്ങിയ വാർഡ് തലത്തിൽ തയ്യാറാക്കിയ രജിസ്റ്റർ ( ട്രേഡേർസ് ലിസ്റ്റ്) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2015-16 ൽ ഡി & ഒ ലൈസൻസ് നൽകിയിട്ടില്ല.

1. ഇറച്ചി വില്പന കേന്ദ്രങ്ങൾ
2. കള്ള് ഷാപ്പുകൾ
3. റേഷൻ കടകൾ
4. ബാർബർ ഷോപ്പുകൾ
5. സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ
6. അക്ഷയ കേന്ദ്രങ്ങൾ
7. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ - മാവേലി സ്റ്റോർ, പാപ്പിനിശ്ശേരി വെസ്റ്റ്
8. പഞ്ചായത്ത് ഓഫീസിനു സമീപത്തെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ

1. പാപ്പിനിശ്ശേരി വിഷ ചികിത്സ ആശുപത്രി
2. പാപ്പിനിശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം

3. സാനിയ മെഡിക്കൽസ്
4. സാനിയ ടെക്സ്റ്റൈൽസ്
5. ബ്യൂട്ടി പാർലറുകൾ
6. ഡ്രീം ഫാഷൻസ്- തയ്യൽ കേന്ദ്രം
7. ഫില ഗോൾഡ്
8. മത്സ്യ വില്പന കേന്ദ്രങ്ങൾ

3. ഓഡിറ്റ് കാലയളവിൽ മേൽപ്പറഞ്ഞ (ക്രമ നം. 1 മുതൽ 5 വരെ) എത്ര സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു എന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാൻ എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4. ഡി & ഒ ലൈസൻസ് ഫീസ് -ഈടാക്കിയതിൽ കുറവ്

1996 ലെ കേ.പ.രാ. (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 7 ലെ( പട്ടിക II),ചട്ടം 18 ലെ (പട്ടികIII)എന്നിവ പ്രകാരം 2012-13,2013-14വർഷങ്ങളിൽ ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾക്ക് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | അപേക്ഷ കന്റെ പേര് | ലൈസൻസ് ആവശ്യം | ഒരു ദിവസ വിറ്റു വരവ് | ഉപ യോ ഗി ക്കുന്ന കുതിര ശക്തി | വാങ്ങിയ ഫീസ്, തീയ്യതി | ഈടാ ക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 83 | സെയ്തുമ്മാടകത്ത് കളത്തിന്റ വിട കുഞ്ഞാമു | ധാന്യം, മു ളക് എന്നി വ പൊടി ക്കുന്നതിന് | - | 20 HP | 100/-, 05126/ 18-2-15 | 200 | 100 |
| 2 | 102 | പി പി വിജയ കുമാർ | അവിൽമിൽ | - | 10 HP | 50/- 05220/ 20-2-15 | 100 | 50 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 3 | 128 | പണ്ണേരി രാഘവൻ | റൈസ് & ഫ്ലോർ മിൽ | - | 10 HP | 30/-<br>05283/<br>23-2-15 | 100 | 70 |
| 4 | 138 | കുക്കിരി ഗോവിന്ദൻ നായർ | റൈസ് & ഫ്ലോർ മിൽ | - | 7.5 HP | 50/-<br>05334/<br>24-2-15 | 100 | 50 |
| 5 | 189 | പി ടി പി അബ്ദുൾ നാസർ | -ടി- | - | 20 HP | 100/-<br>05486/<br>27-02-15 | 200 | 100 |
| 6 | 375 | കായക്കൂൽ ഉസ്സൻകുട്ടി | -ടി- | - | 15 HP | 100/-<br>01275/<br>01-06-15 | 200 | 100 |
| 7 | 113 | പി ടി ലതീഷ് കുമാർ | സ്വർണ്ണം, വെള്ളി ആഭരണം നിർമ്മിച്ച് വില്പന | 12,000(അന്വേഷണ ഉദ്യോഗസ്ഥൻ കണക്കാക്കിയത്) | - | 100/-<br>05249/<br>21-02-15 | 300 | 200 |
| 8 | 170 | സെജു കെ ഈപ്പൻ | ഇമൽഷൻ പെയിന്റ്സ്, പ്രൈമർ,തിന്നർ മുതലായവ സ്റ്റോക്ക്, വില്പന | 7,14,544/- | - | 2,000/-<br>05437/<br>26-02-15 | 4000 | 2,000 |
| 9 | 218 | അനിൽകുമാർ | ഇംഗ്ലീഷ് | 8000 | - | 100/- | 200 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ജോൺ | മെഡിക്കൽ ഷാപ്പ് | | | 05570/ 28-02-15 | | |
| 10 | 225 | രത്നദാസൻ പി പി, ഔട്ട് ലെറ്റ് ഇൻചാർജ് | മാവേലി സ്റ്റോർ, പഞ്ചായത്ത് ഓഫീസിന് സമീപം | 30000 | - | 500/- 05579/ 28-02-15 | 1000 | 500 |
| 11 | 369 | എ ശ്രീധരൻ, ആയിക്കര | ബേക്കറി & സ്റ്റേഷനറി | 10000 | - | 100/- 01187/- 27-05-15 | 200 | 100 |
| 12 | 380 | | | 10000 | - | 100/- 01328/ 03-06-15, 01359/ 04-06-15 | 200 | 100 |
| ആകെ | | | | | | | | 3470 |

ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 3470 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

5. പഞ്ചായത്ത് തീരുമാനം നം. 38/2015 , തീയ്യതി 30-03-2015 പ്രകാരം ഗ്രാമ പഞ്ചായത്ത് വക മത്സ്യമാർക്കറ്റിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം 19-03-2015 ന് ലേലം ചെയ്യുകയും ആയത് ശ്രീ ബങ്കന്റകത്ത് ഹാഷിം എന്ന വ്യക്തി 13,100 രൂപയ്ക്ക് ലേലം കൊള്ളുകയും ചെയ്തിട്ടുണ്ട്. ടി മത്സ്യമാർക്കറ്റിൽ എത്ര വ്യക്തികൾ മത്സ്യ/ ഇറച്ചി വില്പന നടത്തുന്നുണ്ടെന്ന വിവരം ഫയലിൽ ലഭ്യമല്ല. ഇവർക്ക് വില്പന നടത്തുന്നതിന് പഞ്ചായത്ത് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കാൻ എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മത്സ്യ വില്പന

നടത്തുന്ന മുഴുവൻ പേരും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 അനധികൃത കെട്ടിടങ്ങൾ - ഫീൽഡ് സ്റ്റാഫ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ, എബി എന്നിവ പ്രകാരം അനധികൃത കെട്ടിട നിർമ്മാണം എന്നാൽ 235 ഡബ്ല്യൂ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർ നിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നിർമ്മിച്ചതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു. പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും അവ ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നല്കി നികുതി ഈടാക്കുകയും ഇങ്ങനെ നമ്പർ നല്കിയവയുടെയും അല്ലാത്തവയുടെയും വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിച്ചുപോരേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് സ്റ്റാഫ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ ആകെയുള്ള അനധികൃത നിർമ്മാണങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ലഭിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിലെ 2015-16 വർഷത്തെ വിവരാവകാശ രജിസ്റ്ററിലെ ശ്രീ.രാജൻ പി.പി എന്നവരുടെ അപേക്ഷ (15- ാം നമ്പർ അപേക്ഷ -ഫയൽ നം. A3-4423/15, 17-07-2015) യിലെ കെട്ടിടങ്ങളുടെ പെർമിറ്റ് സംബന്ധിച്ച ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ചോദ്യം നം.1-നുള്ള മറുപടിയായി വളപട്ടണം പാലത്തിനു സമീപം കള്ള് ഷാപ്പ്, ടെൽകോ പാലസ്, കേരള ക്ലേയ്സ് & സെറാമിക്സ് എന്നീ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം.11തീയ്യതി : 25-11-2016) മറുപടി ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ നടക്കുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ അതതു വാർഡിലെ അന്വേഷണ ഉദ്യോഗസ്ഥർ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്നാണ് ലഭ്യമായ വിവരങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ട കെട്ടിട നിർമ്മാണങ്ങളുടെ വിശദവിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ഹാജരാക്കിയിട്ടില്ല. ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടതും അല്ലാത്തതുമായി ആകെ എത്ര അനധികൃത കെട്ടിടങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട് എന്ന് വ്യക്തമല്ല. അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ പഞ്ചായത്ത് യു/ എ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി റിപ്പോർട്ട് ചെയ്യാനും രജിസ്റ്ററിൽ ചേർക്കാനുമുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെട്ടുന്നില്ല.

2015-16 വർഷത്തെ ഡി & ഒ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ടി

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര്, വാർഡ്/ കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് ആവശ്യം | ഫീസ് ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| 1 | ഇമേജ് പി<br>XI -154 A | മഹേശ്വര ഫൈബേർസ് | 90 HP മോട്ടോർ ഉപയോഗിച്ച് കയർ, കയറുല്പന്ന നിർമ്മാണം | 1000/-<br>05572/28-2-16 |
| 2 | മുഹമ്മദ് മദനി കെ<br>XIII- 26,27,28 | – | ഫർണിച്ചർ വില്പന | 1000/-<br>00964/18-5-15 |
| 3 | റമീസ് ചാലിൽ<br>XV- 549 A,B | ജാംസ് ഹൈപ്പർ മാർക്കറ്റ് | ഹൈപ്പർ മാർക്കറ്റ് നടത്തുന്നതിന് | 500/-<br>01651/17-6-15 |
| 4 | വെള്ളുവ വീട്ടിൽ പ്രകാശൻ<br>XVII- 392 A,B,C | – | സൂപ്പർമാർക്കറ്റ് നടത്തുന്നതിന് | 100/-<br>01932/01-7-15 |
| 5 | അനസ് കറുങ്ങേരി<br>VI-141 A | – | ഇരുമ്പ്, സ്റ്റീൽ ഉല്പന്ന വില്പന | 4000/-<br>02538/17-08-15 |
| 6 | മുനാസ് കെ<br>XVII-153,154, 155 | – | ടൈൽസ്, സാനിട്ടറി, പ്ലംബിംഗ്, ഹാർഡ് വേർ വില്പന | 500/-<br>03453/23-09-15 |
| 7 | ഷമീർ ജെ പി<br>XII – 178, 179, 180 | – | സാനിട്ടറി/ സിറാമിക് ഉല്പന്നങ്ങൾ സ്റ്റോക്ക്, വില്പന | 1000/-<br>05276/27-11-15 |
| 8 | ഷിബു പുതിയ പുരയിൽ | – | സൂപ്പർമാർക്കറ്റ് നടത്തുന്നതിന് | 500/-<br>08922/26-02-16 |

| | | | | |
|---|---|---|---|---|
| | XVII- 392 A,B,C | | | |
| 9 | അജിത്ത് ആന്റണി XIII 73 | - | എക്സൈഡ് ബാറ്ററികൾ സ്റ്റോക്ക് ചെയ്ത് വില്പന | 4,000/- 00513/27-04-16 |

മേൽ വിഷയം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 20/6-11-2016) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205 ബി,സി പ്രകാരം മേൽപ്പറഞ്ഞ പട്ടികയിലെ സ്ഥാപന ഉടമകൾക്ക് അവരുടെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള കൂടുതൽ വരുമാനമുള്ളതും കൂടുതൽ പേർ ജോലി ചെയ്യുന്നതുമായ മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുകയും ജീവനക്കാർ തൊഴിൽനികുതി ഒടുക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-6 വസ്തുനികുതി ക്രമവത്ക്കരണം-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ക്രമവൽക്കരണത്തിനു വേണ്ടി പഞ്ചായത്തിൽ നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്ത് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. എന്നാൽ ക്രമവൽക്കരണം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുമില്ല. ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഇനത്തിൽ ₹ 1,45,630 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽക്കരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോടു കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-7 പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രി / സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് കാലയള വിൽ പ്രവർത്തിച്ചിരുന്ന (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം) താഴെപ്പറയുന്ന സ്ഥാപനങ്ങൾ മേൽ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടില്ല .

1. പാപ്പിനിശ്ശേരി വിഷ ചികിത്സാ കേന്ദ്രം
2. ഹോമിയോപ്പതിക് ഹോസ്പിറ്റൽ സൊസൈറ്റി , പാപ്പിനിശ്ശേരി

ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നം.21/29-11-2016) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രി / സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനവും മേൽ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-8 ദുരിതാശ്വാസ നിധി -ഓഡിറ്റ് കാലയളവിൽ ചെലവ് നടത്തിയിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം 20-11-12 ന് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നു. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നം. 13249, പാപ്പിനിശ്ശേരി സർവ്വീസ് സഹ.ബാങ്ക്) 01-12-15ന് 130536 രൂപയും 31-03-2016 ന് 1,33,150 രൂപയും നീക്കിയിരിപ്പുണ്ട്. 27-03-13 ന് ശേഷം പ്രസ്തുത നിധിയിൽനിന്ന് യാതൊരു വിധ ചെലവും നടന്നിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ഈ രീതിയിൽ നിഷ്ക്രിയമായി തുടരുന്നതുമായി ബന്ധപ്പെട്ട് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും (2012-13, 2013-14) പഞ്ചായത്ത് ആയത് ഗൗരവത്തിലെടുക്കുകയോ ക്രിയാത്മകമായ പ്രവർത്തനം നടത്തിയ തായോ കാണുന്നില്ല . ദുരിതാശ്വാസ നിധി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരണം നൽകേണ്ടതും ചട്ടം 7 പ്രകാരം നിധിയിൽനിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

## 2-9 ഇ-ടെണ്ടർ : ടെണ്ടർ ഫോറം വില വരവ് വരാത്തത്

2015-16 വർഷം ഗ്രാമ പഞ്ചായത്തിലെ മരാമത്ത് പവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|---|---|
| 1 | 74 | കരിക്കിൻ കുളം തിയ്യ ശ്മശാനം കോട്ടപാലം റോഡ് | 2 | 2310 |
| 2 | 28 | ലീല പീടിക പുത്തലത്ത് മോഹനൻ വായന ശാല റോഡ് ബാക്കി ഭാഗം താർ ചെയ്യൽ | 2 | 2310 |

| | | | | |
|---|---|---|---|---|
| 3 | 29 | കരിക്കിൻ കുളം ബസ് സ്റ്റോപ്പ് വടക്കേതാവ കോട്ടപാലം റോഡ് ടാറിംഗ് | 1 | 1155 |
| 4 | 52 | കീച്ചേരിക്കുന്ന് കാട്യംപൂവൻകുളം കുണ്ടംറോഡ് ടാറിംഗ് | 2 | 2520 |
| 5 | 53 | കാട്യം മേച്ചേരി അരോളി സെൻ്റർ റോഡ് ടാറിംഗ് | 2 | 2730 |
| 6 | 54 | ഇ എം എസ് കുന്നമ്പ്രം താഴത്ത് റോഡ് ടാറിംഗ് | 1 | 1260 |
| 7 | 41 | പുതിയകാവ് ഗവ യു പി സ്ക്കൂൾ റോഡ് (ഇ എം എസ് )റീ ടാറിംഗ് | 1 | 1260 |
| 8 | 27 | ശിവ ക്ഷേത്രം റെയിൽവേ ലൈൻ റോഡ് റീ ടാറിംഗ് | 1 | 1260 |
| 9 | 31 | നരയൻകുളം ശിശു മന്ദിരം റോഡ് ടാറിംഗ് | 1 | 1365 |
| 10 | | ശിവ ക്ഷേത്രം റെയിൽവേ ലൈൻ റോഡ് റീ ടാറിംഗ് | 1 | 1260 |
| 11 | | ഇ എം എസ് കുന്നമ്പ്രം താഴത്ത് റോഡ് ടാറിംഗ് | 1 | 1260 |
| 12 | | കരിക്കിൻ കുളം ബസ് സ്റ്റോപ്പ് വടക്കേതാവ കോട്ടപാലം റോഡ് ടാറിംഗ് | 1 | 1155 |
| 13 | 30 | മെരളി -പുനാലി റോഡ് ടാറിംഗ് | 1 | 1260 |
| 14 | 73 | കാട്ട്യം ചിറ്റോത്തടം റോഡ് റീടാറിംഗ് | 1 | 5250 |
| 15 | 92 | കരിക്കൻ കുളം അംഗനവാടി പൂർത്തീകരണം | 2 | 3150 |
| 16 | | നരയൻകുളം ശിശു മന്ദിരം റോഡ് ടാറിംഗ് | 1 | 1365 |
| 17 | 91 | പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗനവാടികളുടെ അറ്റകുറ്റപണികൾ | 1 | 1155 |

| | | | | |
|---|---|---|---|---|
| 18 | 142 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം | 2 | 3150 |
| 19 | 134 | കമ്മാടത്ത് മൊട്ട കിണറിന് പമ്പ് ഹൌസ് നർമ്മാണം | 2 | 3260 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യ പത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല - 498860 /-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : 146/16

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് വ്യാപനം

വകയിരുത്തിയ തുക : 427000(വികസന ഫണ്ട്)

73000( തനത്)

ആകെ : 500000

ചെലവ് : 427000/-(വി.ഫ)

ബിൽ നം.17/15-16, തീ.23.03.2016

: 71860/-(തനത്)

ആകെ : 498860

മേൽ പദ്ധതി പ്രകാരം 4,27000/-രൂപയും (ഡി ഡി നം269845 തീ .15.04.2016.) തനത് ഫണ്ട് 29020- (ചെക്ക് നം.0506047തീ.26.3.2016) + 42840/- (ചെക്ക് നം.0605048 തീ. 26.03.2016) രൂപയുമടക്കം ആകെ 498860/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ കേരള ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ ധർമ്മശ്ശാലയിൽ ഒടുക്കി യിട്ടുണ്ട്. മേൽ പദ്ധതിയുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 498860/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-2 ഭവന നിർമ്മാണം പൂർത്തിയാകാത്തത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റൻറ് സെക്രട്ടറി

2014-15 വർഷത്തിൽ ആരംഭിച്ച താഴെ പറയുന്ന ഭവന നിർമ്മാണ പ്രവൃത്തികൾ നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | ആരംഭിച്ച വർഷം | ഇതുവരെ നൽകിയ തുക | ബാക്കി നൽകേണ്ട തുക |
|---|---|---|---|---|
| 1 | കെ കൃഷ്ണൻ ,മടക്കുടിയൻ ഹൗസ് | 2014-15 | 2,00,000 | 90,000 |
| 2 | മായ.ഇ , ധർമ്മക്കിണർ, പാപ്പിനിശ്ശേരി(പി ഒ) | 2014-15 | 2,60,000 | 30,000 |
| 3 | ശ്രീജ എ, മെരളി ഹൗസ് | 2014-15 | 2,60,000 | 30,000 |
| 4 | നികേഷ് സി എച്ച്,ലത്തീഷ് നിവാസ് | 2014-15 | 2,60,000 | 30,000 |

ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിലേക്കായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഐ.എ.വൈ. ഭവന നിർമ്മാണം (പട്ടികജാതി) പദ്ധതി-അപാകങ്ങൾ 40,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : 88/16

പേര് : ഐ.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ (പട്ടിക ജാതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 340000

[2,80,000വികസന ഫണ്ട് (എസ്.സി)]

[60000 തനത് ഫണ്ട്]

ചെലവ് :

ബിൽ നം. /തീയ്യതി : 14/15-16/18.03.2016 200000(വികസന ഫണ്ട് , എസ് സിപി)

മേൽ പദ്ധതിയുടെ ഭാഗമായി 200000/-രൂപ ഗ്രാമപഞ്ചായത്തിലെ 10 ഗുണഭോക്താക്കളുടെ വിഹിതമായി കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.5/24.11.2016) മറുപടിയായി 160000/-രൂപയുടെ വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ തുക കൈപ്പറ്റിയ പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി.ബിന്ദു കെ പി, ശ്രീമതി.രതേശ്വരി പി. എന്നിവർ തുക ബ്ലോക്കിൽ തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ തിരിച്ചടച്ച 40000/-രൂപ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 40000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വെള്ളക്കരം ഒടുക്ക്- സംയുക്ത പരിശോധന നടത്തേണ്ടതാണ്.

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2015-16 വർഷം 102 ടാപ്പുകൾക്ക് പ്രതിമാസം 44,625 രൂപ നിരക്കിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിവരുന്നുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള വാട്ടർ ടാപ്പുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സ.ഉ(ആർ.ടി)2242/2011/തസ്വഭവ തീയ്യതി 28.09.11 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാട്ടർ ടാപ്പുകൾ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 ഐ എവൈ ഭവന നിർമ്മാണം (ജനറൽ) പദ്ധതി- അപാകങ്ങൾ : 1,60,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 111/16-ഐ.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

അടങ്കൽ - 11,00,000[9,40,000വികസന ഫണ്ട് (ജനറൽ)]

[1,60,000 തനത് ഫണ്ട്]

ചെലവ് – 9,40,000/-

ബിൽ നം - 1) 8/15-16/16.03.2016, 8,00,000 (വികസന ഫണ്ട് ,ജനറൽ)

2) 5/15-16/30.01.2016, 1,40,000 (വികസന ഫണ്ട് ,ജനറൽ)}

മേൽ പദ്ധതിപ്രകാരം 47ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 20000/-രൂപ തോതിൽ 9,40,000/-രൂപ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.പ്രസ്തുത ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.5/24.11.2016) മറുപടിയായി 7,80,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയുണ്ടായി. കൂടാതെ മേൽ തുക നല്കിയ സാജിദ എ,സുബൈദ എം പി എന്നിവർ തുക ബ്ലോക്കിൽ തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ രണ്ട് ഗുണഭോക്താക്കൾ തിരിച്ചടച്ച 40000/-രൂപ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്കിൽ നിന്നും തിരികെ ലഭിക്കേണ്ട 40,000 രൂപയും വിനി യോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 1,20,000 രൂപയും ഉൾപ്പെടെ 1,60,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കേന്ദ്രസഹായം- ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്.

3.9.2010 ലെ തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 39033/ ഡി.സി. 2/2010 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പൂരക പോഷകാഹാര പദ്ധതി (എസ്.എൻ.പി) വഴി ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം വിതരണം ചെയ്യുന്നതിന് പാത്രങ്ങൾ/ സംഭരണികൾ എന്നിവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട താണെന്നും നിഷ്കർഷിക്കുന്നുണ്ട്. 2015-16 വർഷം സെൻട്രൽ ഷെയർ ഇനത്തിൽ ലഭിച്ച തുകയിൽ 13,74,939 രൂപ നീക്കിയിരിപ്പായി ഉണ്ട്.

പഞ്ചായത്തിൽ ആകെയുള്ള 19 അംഗൻവാടികളിൽ 4 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 16 അംഗൻവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. 3 അംഗൻവാടികൾക്ക് വൈദ്യുതിയില്ല എന്നിരിക്കെ സെൻട്രൽ ഷെയർ നീക്കീയിരിപ്പ് തുക ഈ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഇ.എം.എസ്. ഭവന പദ്ധതി പൂർത്തിയാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ 2009-10 വർഷം ആരംഭിച്ച ഇ എം എസ് ഭവന പദ്ധതിയിൻ കീഴിൽ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | ആരംഭിച്ച വർഷം | ഇതുവരെ നൽകിയ തുക | ബാക്കി നൽകേണ്ട തുക |
|---|---|---|---|---|
| 1 | കെ മാധവി, കരക്കാടൻ | 2009-10ഭവന നിർമ്മാണം (എസ്.സി) | 70000 | 30000 |
| 2 | വി പപ്പൻ വിലക്രിയൻ | 2010-11ഭ്ര രഹിത ഭവന നിർമ്മാണം (എസ്.സി) | 30000 | 70000 |
| 3 | ചെറിയണ്ടീലകത്ത് ഖദീജ | 2010-11ജനറൽ | 11250 | 63750 |
| 4 | കെ എം കാസിം | 2010-11ജനറൽ | 52500 | 22500 |

| | | | | |
|---|---|---|---|---|
| | | | | |
| 5 | എ അബ്ദു റഹിമാൻ | 2010-11ജനറൽ | 52500 | 22500 |

മേൽ ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിലേക്കായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ആശ്രയ പദ്ധതി അവലോകനം

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ടിലേക്കായി 88 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റ് 13-06-2007 ലെ 101/07 നമ്പർ ഭരണ സമിതി യോഗ തീരുമാനപ്രകാരം അംഗീക രിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ടിൽ 17 പേർക്ക് വീട് നിർമ്മാണത്തിന് സ്ഥലം ആവശ്യ മുള്ളവരായി ഉൾപ്പെടുത്തിയതിൽ 16 പേർക്ക് പദ്ധതി പ്രകാരം വീട് വയ്ക്കാൻ സ്ഥലം അനുവദിച്ചു. 23 പേർ വീട് ആവ ശ്യമുള്ളവരായി ഉള്ളതിൽ 21 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. വീട് റിപ്പയർ ആവശ്യമുള്ള 3 പേരിൽ ഒരാൾ ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കുടിവെള്ളം, കക്കൂസ്, കറൻറ് എന്നിവ ആവശ്യമുള്ളവർ ആരും തന്നെ ഗ്രാമ പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ രണ്ട് പ്രൊജക്ടിലും ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്താക്കളുടെ ആവശ്യാനുസരണം ചികിത്സ, വസ്ത്രം, വിദ്യാഭ്യാസം എന്നിവ നല്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ രണ്ടാം ഘട്ട ആശ്രയപദ്ധതി 2013-14 വർഷത്തിൽ 48 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 11-07-2013 തീയ്യതിയിലെ ഭരണസമിതി തീരുമാനം നമ്പർ 79/13 പ്രകാരം അംഗീകരിച്ചു. ഇതിൽ 6പേർ വീട് വെക്കാൻ സ്ഥലം ആവശ്യപ്പെട്ടതിൽ 4 പേർക്ക് ധനസഹായം അനുവദിച്ചു.

2015-16 വർഷം 5,05,000 രൂപ വകയിരുത്തിയ ആശ്രയ വീടുകൾക്ക് ധനസഹായം (ജനറൽ) എന്ന പദ്ധതിയിൽ 67,500 രൂപ മാത്രമാണ് ചെലവഴിച്ചത്.കൂടാതെ പ്രൊജക്ട് നം.138/16 പ്രകാരം ആശ്രയ ഭവന നിർമ്മാണം എന്ന പദ്ധതിക്ക് 1,00,000 രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല.

## 3-9 മഹാത്മാ ഗാന്ധിതൊഴിലുറപ്പ് പദ്ധതി -അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.വരവ് ചെലവ് കണക്കുകൾ

| വർഷം | മുന്നിരിപ്പ് | വരവ്+പലിശ | ആകെ വരവ് | ചെലവ് | ബാക്കി | ചെലവ് % |
|---|---|---|---|---|---|---|
| 2015-16 | 0 | 4,67,008 + 162 | 46,70,243 | 46,70,081 | 162 | 100 |

2.ഭരണചെലവ്

| വർഷം | ആകെ ചെലവ് | യഥാർത്ഥ ഭരണ ചെലവ് | 6 % ഭരണചെലവ് | അധികം | അധികം % |
|---|---|---|---|---|---|
| 2015-16 | 4670081 | 281232 | 280204.86 | 1027.14 | 1 |

2005-ലെ കേന്ദ്ര തൊഴിലുറപ്പ് നിയമത്തിന്റെ 22(1)(സി) വകുപ്പ് പ്രകാരവും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 18.03.2009 ന് പുറപ്പെടുവിച്ച സർക്കുലർ നമ്പർ J-11011/18/07, MGNREGS പ്രകാരവും ഭരണപരമായ ചെലവ് മൊത്തം ചെലവിന്റെ 6% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ 2015-16 വർഷത്തിലെ ഭരണചെലവ് 1% അധികമാണ്. ഭരണപരമായ ചെലവ് മൊത്തം ചെലവിന്റെ 6% ആയി നിജപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ്

| വർഷം | വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ് പ്രകാരം നിർദ്ദേശിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ | % |
|---|---|---|---|
| 2015-16 | 275 | 170 | 61.81 |

4. നൂറുദിന തൊഴിൽ- പൂർണ്ണ ലക്ഷ്യം നേടിയില്ല

2015-16 വർഷത്തിൽ തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട 609 കുടുംബങ്ങളിൽ കേവലം ഒരു കുടുംബത്തിന് മാത്രമേ 100 ദിനം തൊഴിൽ നല്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പരമാവധി കുടുംബങ്ങൾക്ക് നൂറുദിന തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഗ്രാമവികസന കമ്മീഷണറുടെ 10.07.2008 ലെ 15/29/NREG സെൽ/2008 സി ആർ ഡി സർക്കുലർ പ്രകാരം ആഴ്ചയിലൊരു ദിവസം തൊഴിലുറപ്പ് ദിനമായി ആചരിക്കണമെന്ന് നിർദ്ദേശിച്ചത് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്.

6. ത.സ്വ.ഭ.വകുപ്പിന്റെ 16.05.2007 ലെ 23283/ഡിസി 2/2007 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

7. ഓഡിറ്റ് വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 46,70,081 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും

സ്ഥിര ആസ്തികൾ ഒന്നും തന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

8. സർക്കുലർ നമ്പർ 71990/ഡിഡി 2/11/ ത.സ്വ.ഭ.വ,തീയ്യതി 26.03.2012 പ്രകാരം അർഹരായ മുഴുവൻ എസ് സി/ എസ് ടി കുടുംബങ്ങളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കണം എന്നിരിക്കെ ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 560 എസ് സി കുടുംബങ്ങളിൽ 355 കുടുംബങ്ങൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളൂ. അർഹരായ മുഴുവൻ കുടുംബങ്ങളേയും പദ്ധതിയിൻകീഴിൽ കൊണ്ടുവരുവാൻ ശ്രമിക്കേണ്ടതാണ്.

## 3-10 പ്രത്യേകാവശ്യത്തിന് ലഭിക്കുന്ന ധനസഹായങ്ങൾ വിനിയോഗിക്കുന്നില്ല

(എ) പി.എൻ.പണിക്കർ ഫൗണ്ടേഷനിൽ നിന്നും ലഭിച്ച തുക

പഞ്ചായത്ത് വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന സമ്പൂർണ്ണ ഇ-സാക്ഷരത പദ്ധതിയുടെ ഭാഗമായി_പി.എൻ.പണിക്കർ ഫൗണ്ടേഷനിൽ നിന്നും ഒന്നാം ഗഡു വിഹിതമായി 1,00,000 രൂപ 01-12-14 ന് ഗ്രാമ പഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ നാളിതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കു കയോ അല്ലാത്തപക്ഷം ഈ പദ്ധതിയുടെ ഭാഗമായി ചമച്ച കരാർ ഉടമ്പടിയിൽ പരാമർശിക്കുന്ന രീതിയിൽ തുക പി.എൻ.പണിക്കർ ഫൗണ്ടേഷന് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

(ബി)നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്നും ലഭിച്ച തുക

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തും, പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും സംയുക്തമായി "Humane Dog population managemnent and control of rabbies in the panchayat“ എന്ന പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഇതിൻറ ഭാഗമായി സി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ ഈ പദ്ധതിയുടെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ വിഹിതമായ 42,466 രൂപ ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ 25-02-13 ലെ DPMSU-KNR/98/13 ഉത്തരവ് പ്രകാരം 42,466 രൂപ സി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. ഈ തുക 11-03-13 ന് മെഡിക്കൽ ഓഫീസർ മേൽ ഉത്തരവിൽ പരാമർശിച്ച രീതിയിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുകയുണ്ടായില്ല. മേൽ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രത്യേകാവശ്യങ്ങൾക്ക് വേണ്ടി ലഭിക്കുന്ന ധനസഹായങ്ങൾ യഥാസമയം സത്വരമായി വിനിയോഗിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 1,68,950 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,68,950 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2014-15 | 1,71,175 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,68,950 | 2225 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീററ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | 21501024, തീ.23-03-2016 | 4,27,000 | - | 4,27,000 |
| ടി | ടി | ചെക്ക് .0506047തീ.26-3-2016 | തനത് ഫണ്ട് 29020 | - | 29,020 |
| ടി | ടി | ചെക്ക് നം.0605048 തീ. 26.03.2016 | തനത് ഫണ്ട് 42840/- | - | 42,840 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 40,000 |
| തൻവർഷം നിക്ഷേപിച്ച തുക | – |
| ആകെ | 40,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | – |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 40,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ<br>മെമ്പർ നം.56, Class B) | 20000 |
| കണ്ണൂർ സഹകരണ ഹോസ്പിറ്റൽ സൊസൈറ്റി<br>നം.15, മെമ്പർ D 48<br>നം.236, മെമ്പർ D 48 | 5,000<br>15,000 |
| ആകെ | 40,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 57,344 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പ്പേരും | |
| 2009-10 | ഖ. 2-7 | 18,513 | രാജലക്ഷ്മി, സെക്രട്ടറി | 11503101639,17-06-2015 |
| " | " | 6,153 | കെ സത്യൻ, സെക്രട്ടറി | 11503101640,17-06-2015 |
| " | " | 2,936 | ബാബുരാജൻ പി, ജൂനിയർ സൂപ്രണ്ട് | 11503101641,17-06-2015 |
| 2008-09 | ഖ. 2-3 | 28,973 | സത്യൻ കെ, സെക്രട്ടറി | 11503101642,17-06-2015 |
| 2012-13, 2013-14 | 2, 2-3 | 149 | ഗോപി എം.ടി, സെക്രട്ടറി | 11603103824, 03-12-15 |
| -ടി- | -ടി- | 150 | -ടി- | 11603106487, 30-12-15 |
| -ടി- | -ടി- | 250 | -ടി- | 1150316477, 30-12-15 |
| -ടി- | -ടി- | 50 | -ടി- | 11503106489, 30-12-15 |
| -ടി- | -ടി- | 50 | -ടി- | 1150366496, 30-12-15 |
| -ടി- | -ടി- | 50 | -ടി- | 1150366491, 30-12-15 |
| -ടി- | -ടി- | 50 | -ടി- | 1150366492, 30-12-15 |
| -ടി- | -ടി- | 20 | -ടി- | 1150366493, 30-12-15 |
| ആകെ | | 57,344 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.13.5.1 | ഷ്രിങ്കേജ് കുറച്ചില്ല. 38,805 രൂപയുടെ നഷ്ടം | ഓഡിറ്റ് പരാമർശം അറിയിച്ചതിൽ ശ്രീ പി.ശ്രീധരൻ എന്നവർ തുക അടക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടിയാനെതിരെ 14.08.2008 ലെ എൽ.എഫ്. 22679/ സ്പെ.സെൽ/ എസ്.സി. 6/2006 നമ്പർ സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിക്കുകയും ആയതിനെതിരെ ടിയാൻ ബഹു. കേരളാ ഹൈക്കോടതിയിൽ ഡബ്ല്യു.പി(സി) നം.3037/2008 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തു. കേസ് നാളിതുവരെയായി തീർപ്പായിട്ടില്ല. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,25,30,934 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,24,08,734 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 53,851 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,98,860 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 50,381 | | ശ്രീ ഗോപി എം.ടി, സെക്രട്ടറി |
| 2-3(4) | 3,470 | | ശ്രീ ഗോപി എം.ടി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,98,860 | ശ്രീ. ഗോപി എം.ടി., സെക്രട്ടറി |
| 3-3 | 40,000 | ശ്രീ. രാമകൃഷ്ണൻ.കെ, അസി.സെക്രട്ടറി |
| 3-5 | 1,60,000 | ശ്രീ. സന്തോഷ് കുമാർ ഇ.പി, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഗോപിഎം.ടി., സെക്രട്ടറി | സെക്രട്ടറി, പെരിങ്ങോം-വയക്കര ഗ്രാമ പഞ്ചായത്ത് | എം.ടി. ഹൗസ്, വരഡൂൽ, കുറുമാത്തൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(1), തീ.10-06-2013 | 1 |
| 2000-01 പ്ലാൻ | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(2), തീ.10-06-2013 | 6 |
| 2001-02 പ്ലാൻ | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(3), തീ.10-06-2013 | 2 |
| 2002-03 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(4), തീ.10-06-2013 | 9 |
| 2004-05 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(5), തീ.10-06-2013 | 4 |
| 2005-06 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(6), | 3 |

| | | |
|---|---|---|
| | തീ.10-06-2013 | |
| 2006-07 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(7), തീ.10-06-2013 | 1 |
| 2007-08 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(8), തീ.10-06-2013 | 4 |
| 2008-09 | എൽ.എഫ് /കെ.എൻ.ആർ/സി 11-289/13(9), തീ.10-06-2013 | 6 |
| 2009-10 | എൽ.എഫ് /കെ.എൻ.ആർ/സി 11-1848/14, തീ.21-11-2014 | 13 |
| 2010-11<br>2011-12 | എൽ.എഫ് /കെ.എൻ.ആർ/സി 11-1369/13, തീ.16-01-14/04-03-2014 | 18 |
| 2012-13<br>2013-14 | എൽ.എഫ് /കെ.എൻ.ആർ/സി 11-170/13, തീ.17-12-15 | 14 |
| 2014-15 | കെ.എസ്.എ /കെ.എൻ.ആർ/സി 11-1451/16, തീ.09.08.16 | 7 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ/കെ.എൻ.ആർ/സി.5-2132/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001.

ഫോൺ: 0497 2707698.

ഇ-മെയിൽ: lfaddistofficeknr@gmail.com

തീയ്യതി: 07-02-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No. KSA/KNR/C5-2132/2016.

Kerala State Audit Department,

District Audit Office, Kannur-670001.

Phone: 90497 2707698.

E-Mail:lfaddistofficeknr@gmail.com

Date: 07-02-2017.

Certified that I have audited the Annual Financial Statement of Pappinisseri Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pappinisseri Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.